കേരള സർക്കാർ

# വടക്കേക്കര ഗ്രാമപഞ്ചായത്ത്

## 2015-16

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി12)2199/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in
തീയതി : 28-12-2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടക്കേക്കര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വടക്കേക്കര ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ്</u> :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി12)2199/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :28.12.2016

**എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മുഴുവൻ എണ്ണത്തിനുള്ള മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭിച്ച മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഡി. സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.12.2016 മുതൽ21.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ജയ സി.ആർ. ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.ടി.ടി.ജോൺസൺ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി ഷൈനി പി എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി റീന ആർ, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | ശ്രീമതി.കാർത്ത്യായനി സർവ്വൻ | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 | 30.11.2015 |

| | | | |
|---|---|---|---|
| | ശ്രീ.അംബ്രോസ്.കെ എം | 01.12.2015 | 31.03.2016 |
| സെക്രട്ടറി | ശ്രീ.സഞ്ജയ് പ്രഭു ഡി | 01.04.2015 | 22.07.2015 |
| | ശ്രീമതി മഞ്ജുള ആർ | 23.07.2015 | 11.08.2015 |
| | ശ്രീ.സഞ്ജയ് പ്രഭു ഡി | 12.08.2015 | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി.സെക്രട്ടറി | ശ്രീമതി ചിന്നമ്മ.പി വി | 01.04.2015 | 31.03.2016 |
| കൃഷിഓഫിസർ. | ശ്രീമതി.ദിവ്യ.കെ എം | 01.04.2015 | 31.03.2016 |
| വെറ്ററിനറി സർജൻ | ശ്രീമതി. ഡോ.ബീന.എസ് | 01.04.2015 | 31.03.2016 |
| ഹെഡ് മിസ്സ്ട്രസ് എസ്.എൻ.എം.എൽ. പി.എസ്. | ശ്രീമതി.ഉഷ കെ.തോമസ്. | 01.04.2015 | 31.03.2016 |
| അസി.എഞ്ചിനിയർ, എൽ .എസ്. ജി.ഡി | ശ്രീമതി.സിന്ധു എസ്. | 01.04.2015 | 31.03.2016 |
| വി.ഇ .ഒ. | ശ്രീമതി.വി.പി.ശ്രീകല | 01.04.2015 | 31.03.2016 |
| വി.ഇ .ഒ. | ശ്രീമതി.ലിജി കെ.വി. | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫിസർ പി.എച്ച്.സി. | ഡോ സൈന മേരി. | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫിസർ (ഹോമിയോ) | ഡോ.അഭിലാഷ് | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫിസർ (ആയുർവേദം) | ഡോ.അനിൽകുമാർ എ.കെ | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ജാൻസിഎം.എ | 01.04.2015 | 31.03.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.എം.ബി സുനിൽകുമാർ | 01.04.2015 | 31.03.2016 |
| ശ്രീ.എം.ബി സുനിൽകുമാർ | ശ്രീമതി സ്മിത | 01.04.2015 | 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം - 2 | |
| 11 | തനതു ഫണ്ടിന് പലിശ ലഭിക്കുന്നില്ല | 2-1 |
| 12 | തൊഴിൽ നികുതി - അപാകത | 2-2 |
| 13 | ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിൽ അപാകത | 2-3 |
| 14 | മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിച്ചു | 2-4 |
| | ഭാഗം – 3 | |
| 15 | റീപെയിന്റിങ്ങിന് അധിക നിരക്ക് നൽകി നഷ്ടം 2,13,534.00 | 3-1 |
| 16 | RCC 1:1.5:3 (using 20mm) കോൺക്രീറ്റിങ്ങിന് അധിക നിരക്ക് നൽകി - നഷ്ടം 23,218.00 രൂപ | 3-2 |
| 17 | MS grill സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി - നഷ്ടം 14,322.00 | 3-3 |
| 18 | CHC യിലേക്ക് വാങ്ങിയ മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല. | 3-4 |
| 19 | സ്രോതസ്സിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. | 3-5 |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| 21 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ | 3-7 |
| 22 | ഭവന നിർമ്മാണം പൂർത്തിയാക്കിയില്ല. | 3-8 |
| | ഭാഗം - 4 | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്ക് | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.1 |
| 33 | ബാലൻസ് ഷീറ്റ് – 2015-16 | അനുബന്ധം.2 |

| | | |
|---|---|---|
| 34 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.3 |
| 35 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2015-16 | അനുബന്ധം.4 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 19.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 99189000 | 107342400 |
| വാർഷിക കണക്ക് പ്രകാരം | 41089991 | 49856780 |
| വ്യത്യാസം | 58099009 | 57485620 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 26.07.2016 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ അപാകതകളൊന്നും കണ്ടെത്തിയില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27079757.00 |
| വരവ് | 41089991.00 |
| ആകെ | 68169748.00 |
| ചെലവ് | 49856780.00 |
| നീക്കിയിരിപ്പ് | 18312968.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തൻവർഷം | കുടിശ്ശിക |
|---|---|---|
| വസ്തു നികുതി | 1496564.00 | 1484384.55 |

പഞ്ചായത്തിന് ലഭിക്കാനുള്ള തുക കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് (RP 40bപ്രകാരം) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1605351 | 12942095 | 14547446 | 11240238 | 6174377 (വരവ്) | 0 |
| വികസനഫണ്ട് എസ്.സി.പി. | 905007 | 2701000 | 3606007 | 2670031 | 455007 (ചെലവ്) | 0 |
| വികസനഫണ്ട് ടി.എസ്.പി. | 14639 | 161000 | 175639 | 78669 | 4639 (ചെലവ്) | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 996576 | 3655000 | 4651576 | 3516165 | --- | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 232438 | 3563000 | 3795438 | 3712716 | --- | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2214450 | 5293538 | 7507988 | 5905246 | 4681230 (ചെലവ്) | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3665000 | 0 | 3665000 | 3607018 | 1033501 (ചെലവ്) | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | -- | 19045250 | 19045250 | 19044874 | -- | 376 |
| ബി ഫണ്ട് | -- | 46647260 | 46647260 | 46647260 | -- | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 15-16 | 116 | 43481721 | 94 | 30730083 | 14 | 18 | 70.67 |

വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ 116 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

ഇവയിൽ 94 പ്രോജക്ടുകൾ പൂർണ്ണമായി നടപ്പാക്കാൻ സാധിച്ചു. പദ്ധതികൾക്കായി വകയിരുത്തിയ 4,34,81,721 രൂപയുടെ 70.67ശതമാനമായ 3,07,30,083 രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. 14 പ്രോജക്ടുകൾ ഭാഗികമായ നടപ്പാക്കിയപ്പോൾ 23 പ്രോജക്ടുകൾ നടപ്പാക്കാൻ സാധിച്ചില്ല. കൃഷി ഓഫീസർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ (PHC,ഹോമിയോ) എന്നിവർ വകയിരുത്തിയ തുക മുഴുവൻ ചെലവഴിച്ചപ്പോൾ സെക്രട്ടറിയുടെ പ്രോജക്ടുകൾക്കായി വകയിരുത്തിയതിൽ 36.44 ശതമാനം മാത്രമാണ് ചെലവഴിക്കാനായത്. പ്രോജക്ടുകൾ പൂർണ്ണമായും ഗുണകരമായും നടപ്പാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 85ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 6073301 | 4321644 | (-)1751657 | (-)29 |
| നികുതിയേതര വരവുകൾ | 660483 | 611135 | (-)49348 | (-)7 |
| മറ്റുവരവുകൾ | 161732 | 357835 | (+)196103 | (+)121 |
| ആകെ | 6895516 | 5290614 | (-)1604902 | (+)85 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 160800 | 107 |
| കർഷകതൊഴിലാളി പെൻഷൻ | 584100 | 63 |
| വിധവാപെൻഷൻ | 16163360 | 1480 |
| വാർദ്ധക്യകാല പെൻഷൻ | 23295780 | 3065 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3672820 | 332 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 360000 | 12 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 2410400 | 220 |

## 1-9 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നൽകപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|---|
| | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ള വർ | ആകെ | | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ള വർ | ആകെ | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 2015-16 | 288 | 23 | 3169 | 3480 | 1370 | 1370 | 7681 | 732 | 73221 | 81634 | 334 |

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 30.04.2016 | 3/2016 | 18.07.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.06.2016 | 2011-2012 to 2015-2016 | 27.08.2016 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനതു ഫണ്ടിന് പലിശ ലഭിക്കുന്നില്ല

2015-16 സാമ്പത്തിക വർഷം തനതു ഫണ്ടിൻ മേലുള്ള പലിശ എറണാകുളം ജില്ലാ സഹകരണ ബാങ്കിന്റെ മൂത്തകുന്നം ശാഖയിൽ നിന്നും പഞ്ചായത്തിന് ലഭിച്ചിട്ടില്ലാത്തതായി കാണുന്നു. ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള ഓരോമാസത്തെയും നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (അക്കൗണ്ട് നം. 281/2)

| ക്രമ നം | മാസം | നീക്കിയിരിപ്പ് |
|---|---|---|
| 1 | 30.04.2015 | 4128769.11/- |
| 2 | 29.05.2015 | 3752271.11/- |
| 3 | 30.06.2015 | 3230353.11/- |
| 4 | 30.07.2015 | 2473261.11/- |
| 5 | 31.08.2015 | 2216179.11/- |
| 6 | 30.09.2015 | 1955231.11/- |
| 7 | 31.10.2015 | 1573252.11/- |
| 8 | 30.11.15 | 1208642.11/- |
| 9 | 31.12.2015 | 1674941.11/- |
| 10 | 30.01.2016 | 1650087.11/- |
| 11 | 29.02.2016 | 2852487.02/- |
| 12 | 31.03.2016 | 3841101.02/- |

തനത് ഫണ്ടിന് പലിശ ലഭ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി - അപാകത

(എ) ചുവടെ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളുടെ 2015-16 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.നികുതി ഈടാക്കി വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

- കെ എസ് ഇ ബി മൂത്തകുന്നം
- ബി എസ് എൻ എൽ മൂത്തകുന്നം

- സപ്ലൈകോ സൂപ്പർ മാർക്കറ്റ് മൂത്തകുന്നം
- ജെ ജെ കൺസേൺ മൂത്തകുന്നം

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിനു കീഴിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്ന കരാറുകാരുടെ പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-3 ഡി ആന്റ് ഒ ലൈസൻസ് ഫീസ് ഈടാക്കിയതിലെ അപാകത

(എ) 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 5 മുതൽ 12 പ്രകാരവും പട്ടിക രണ്ട് മുതൽ ആറ് പ്രകാരവും ലൈസൻസ് പുതുക്കി നൽകേണ്ടതും ലൈസൻസ് ഫീസ് ഈടാക്കേണ്ടതുമുണ്ട്. ഇത്തരത്തിൽ താഴെപ്പറയുന്ന ലൈസൻസികളിൽ നിന്നും 2015-16 സാമ്പത്തിക വർഷത്തിൽ ഫീസ് ഈടാക്കാത്തതിനാൽ പഞ്ചായത്തിന് 11900/- രൂപയുടെ നഷ്ടം ഉണ്ടായി.ആയത് ഈടാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പേര് മേൽവിലാസം | ലൈസൻസ് നം. | വിറ്റുവരവ് / കുതിരശക്തി | ഫീസ് ഈടാക്കി യത് / രസീത് നം | ഫീസ് ഈടാക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|---|---|
| 1 | ജോർജ് ലൂയിസ് പൗർണമി എന്റർപ്രൈസസ് മാല്യങ്കര (High speed Diesel & Lubricant oil) | 11 | 60000/- | 1000/11409104426, 18.02.15 | 2000/- | 1000/- |
| 2 | സന്ദീപ് ബോസ് താണപ്പിള്ളി ഹൗസ് മാല്യങ്കര(Building material stock &sale, cement products e.t.c.) | 63 | 10000/- | 100/11409104878, 16.03.15 | 200/- | 100/- |
| 3 | വി എസ് സോമൻ കാർത്തിക കനാൽ ഒക്കൽ പെരുമ്പാവൂർ (Fuel Outlet) | 82 | 2 ലക്ഷം | 1000/11409105027, 20.03.15 | 4000/- | 3000/- |
| 4 | മാനേജിങ് പാർട്ണർ ടസ്കതി കേരള ഗാർമന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് മടപ്ലാതുരുത്ത്. (വസ്ത്രനിർമാണം) | 89 | 40 HP | 300/11409105110, 24.03.15 | 400/- | 100/- |
| 5 | എം പി ജോഷി മാടവനക്കാട് മടപ്ലാതുരുത്ത് മൂത്തകുന്നം പി ഒ (ഡീസൽ പമ്പ്) | 124 | 5000 ലിറ്റർ (ഏകദേശ വിറ്റുവരവ് : 5000*50 = 250000) | 1000/11409105360, 31.03.15 | 4000/- | 3000/- |
| 6 | ഷാഹിത റ്റി എ w/o മുഹമ്മദ് ഷാര മരയ്ക്കാപറമ്പിൽ കുഞ്ഞിതൈ(ഡീസൽ റീടെയിൽ ഔട് | 165 | 3000 ലിറ്റർ (ഏകദേശ വിറ്റുവരവ് : 3000*50 = 150000) | 1000/11509100376, 05.06.15 | 4000/- | 3000/- |

| | | | | | | |
|---|---|---|---|---|---|---|
| | ലെറ്റ്) | | | | | |
| 7 | ഷാഹിത റ്റി എ w/o മുഹമ്മദ് ഷാര മരയ്ക്കാപറമ്പിൽ കഞ്ഞിതൈ (ഐസ് നിമാണം) | 174 | 150 HP | 1000/11509100451, 12.05.15 | 2000/- | 1000/- |
| 8 | മാനേജർ സപ്ലൈകൊ സൂപ്പർ മാർക്കറ്റ് മൂത്തകുന്നം | 256 | 35000/- | 300/11517100085, 23.07.15 | 1000/- | 700/- |
| | ആകെ | | | | | 11900 |

## 2-4 മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിക്കുന്നു

മൂത്തകുന്നം സരോജ വീട്ടിലെ ശ്രീ ടി പ്രഭാകരമേനോന്റെ ഉടമസ്ഥതയിലുള്ള മൂത്തകുന്നം വില്ലേജിലെ സർവേ നം 248/21 എ3, 248/21ബി എന്ന സ്ഥലത്ത് മൊബൈൽ ടവർ നിർമാണത്തിനായി റിലയൻസ് ഇൻഫോകോമിന് 30.05.06 ലെ എ4 . 315/00നം കത്ത് പ്രകാരം പഞ്ചായത്തിൽ നിന്നും അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ ഈ ടവറിന്റെ നിർമാണ പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ നികുതി അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യിട്ടില്ല. ടവർ ആപ്ലിക്കേഷൻ ഫീസും (ജി ഒ എം എസ് നം 266/04/ത സ്വ ഭ വ/13.08.04 പ്രകാരം 10000/- രൂപ) പെർമിറ്റ് ഫീസും അടവാക്കി ടവറിന്റെ പ്രവർത്തനം നിയമവിധേയമാക്കുന്നതിനുള്ള നടപടികളെടുക്കുന്നതിനും റിലയൻസ് തയ്യാറായിട്ടില്ല. അനധികൃത മൊബൈൽ ടവർ പ്രവർത്തിപ്പിക്കുന്നതിനുള്ള പിഴ അടക്കം അപേക്ഷാ ഫീസ് പെർമിറ്റ് ഫീസ് തുടങ്ങിയവ പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 റീ പെയിന്റിങ്ങിന് അധിക നിരക്ക് നൽകി - നഷ്ടം - 2,13,534.00

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | :വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് |
| പ്രോജക്റ്റ് നമ്പർ | :എസ് 0090/16 |
| പ്രോജക്റ്റ് കോസ്റ്റ് | :13,00,000.00 |
| കരാറുകാരൻ | :പ്രസൂൺ.വി.പി |
| അളവു പുസ്തകം നമ്പർ | :MB 20/15-16,23/15-16 |
| ചെലവ് വിവരം | :12,89,578.00(ബിൽ നമ്പർ - 27/15-16 തിയതി 16.03.2016) |

വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ 2015-16 ൽ നടപ്പാക്കിയ " വിവിധ അങ്കണവാടികളുടെ മെയിന്റനൻസ് " പ്രോജക്റ്റിൽ ഐറ്റം നമ്പർ 2 പ്രകാരം 28 അങ്കണവാടി കെട്ടിടങ്ങളുടെ ചുമരിൽ റീ പെയിന്റിങ്ങ് ( Old surface) ചെയ്യുന്നതിന് CPWD 14.64.1 പ്രകാരം 75.71/m2 നിരക്കിൽ 4846.41m2 ന് 3,66,921.70രൂപ നൽകിയിട്ടുണ്ട്. പഴയ പ്രതലത്തിൽ സിമന്റ് പ്രൈമർ (Priemer for cement paint) അടിച്ചതിനുശേഷം അതിനുമുകളിൽ വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് ചെയ്യുന്നതിനാണ് CPWD ഡാറ്റയിൽ മേല്പറഞ്ഞ നിരക്ക് നൽകുന്നത്. സിമന്റ് പ്രൈമറിന്റെ വിലയും ഇത് പൂശുന്നതിനുള്ള പണിക്കൂലിയും മേല്പറഞ്ഞ നിരക്കിൽ ഉൾപ്പെടുന്നുണ്ട്. എന്നാൽ മേല്പറഞ്ഞ വേലയിൽ, പുതിയ പ്രതലത്തിൽ സിമന്റ് പ്രൈമർ അടിക്കുന്നതിനുള്ള CPWD നിരക്കായ (13.44.1) 49.85/m2 കൂടി അനുവദിച്ചിരിക്കുന്നു. CPWD അദ്ധ്യായം 13 പ്രകാരമുള്ള നിരക്കുകൾ ഫിനിഷിങ്ങ് ജോലികൾക്കുള്ളതാണ്. അതായത് മേല്പറഞ്ഞ CPWD 13.44.1 പ്രകാരമുള്ള നിരക്ക് പുതിയ പ്രതലത്തിൽ സിമന്റ് പ്രൈമർ പൂശുന്നതിനുള്ളതാണ്. മാത്രവുമല്ല നൽകിയ നിരക്കായ CPWD 14.64.1 പ്രകാരമുള്ള നിരക്കിൽ സിമന്റ് പ്രൈമർ പൂശുന്നതിനുള്ള നിരക്ക് ഉൾപ്പെട്ടിരിക്കെ, CPWD 13.43.1 പ്രകാരമുള്ള നിരക്ക് കൂടി അനുവദിച്ചതിലൂടെ 1m2 ന് 49.85 രൂപ വീതം അധികം നൽകിയിട്ടുണ്ട്. അതായത്

ഈ വേലയിൽ ന് 2,41,593.53 രൂപ അധികം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 16) മറുപടിയിൽ ആകെയുള്ള 28 അങ്കണവാടികളിൽ (4846.41m2) 5 അങ്കണവാടികൾ പുതിയവയായതിനാൽ ഇവയുടെ പ്ലാസ്റ്ററിങ്ങിന് (514.08m2) മുകളിൽ ആദ്യമായി പെയിന്റ് ചെയ്യുകയായിരുന്നെന്നും ബാക്കിയുള്ളവയിൽ പലതും ചെളിപിടിച്ച് ജീർണ്ണിച്ച അവസ്ഥയിലായിരുന്നെന്നും അസ്സി.എഞ്ചിനീയർ വിശദീകരിച്ചിരിക്കുന്നു. പുതിയ പ്ലാസ്റ്ററിങ്ങിന് മുകളിൽ CPWD 13.43.1 പ്രകാരമുള്ള സിമന്റ് പ്രൈമർ പൂശുന്നതിനുള്ള നിരക്കും 13.44.1 പ്രകാരമുള്ള വാട്ടർ പ്രൂഫ് സിമന്റ് പെയിന്റ് പൂശുന്നതിനുള്ള നിരക്കും അനുവദിക്കാവുന്നതാണ്. ബാക്കിയുള്ള ഭാഗത്ത് സിമന്റ് പ്രൈമർ പൂശുന്നതുൾപ്പെടെ റീ പെയിന്റ് ചെയ്യുന്നതിന് CPWD 16.64.1 പ്രകാരമുള്ള 75.71/ച.മീ നിരക്കാണ് അനുവദിക്കാവുന്നത്. എന്നാൽ CPWD 16.64.1 ന പുറമെ 13.43.1 പ്രകാരമുള്ള നിരക്ക്കൂടി അനുവദിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിന് ഗണ്യമായ തുകയുടെ നഷ്ടമുണ്ടായിട്ടുണ്ട്. നഷ്ട തുകയുടെ വിവരം താഴെ ചേർക്കുന്നു.

നൽകിയ തുക

| ഐറ്റം നമ്പർ | ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|---|
| 1 | Applying one coat of water thinnable cement primer of approved brand and manufacture on wall surface: 13.43.1-Water thinnable cement primer | 4846.42m2 | 49.85/m2 | 241593.53 |
| 2 | Finishing walls with water proofing cement paint of required shade: 14.64.1-Old work (one or more coats applied @ 2.20 kg/10 sqm) over priming coat of primer applied @ 0.80 litrs/ 10sqm complete including cost of Priming coat | 4846.42m2 | 75.71/m2 | 366921.70 |
| | ആകെ നൽകിയത് | | | 608515.23 |

നൽകാവുന്ന തുക

| | | | |
|---|---|---|---|
| Applying one coat of water thinnable cement primer of approved brand and manufacture on wall surface: 13.43.1-Water thinnable cement primer(New Work) | 514.08m2 | 49.85/m2 | 25626.88 |
| Finishing walls with water proofing cement paint of required shade: 13.44.1 New work (Two or more coats applied @ 3.84 kg/ 10 sqm) | 514.08m2 | 80.44m2 | 41352.59 |

| | | | |
|---|---|---|---|
| | | | |
| Finishing walls with water proofing cement paint of required shade: 14.64.1-Old work (one or more coats applied @ 2.20 kg/10 sqm) over priming coat of primer applied @ 0.80 litrs/ 10sqm complete including cost of Priming coat(4846.42-514.08) | 4332.34m2 | 75.71m2 | 328001.46 |
| ആകെ നൽകാവുന്ന തുക | | | 394980.93 |

അധികം നൽകിയത് (608515.23-394980.93) = 2,13,534.30

അധികം നൽകിയ 2,13,534.00 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്തപക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-2 RCC 1:1.5:3 (using 20mm) കോൺക്രീറ്റിങ്ങിന് അധിക നിരക്ക് നൽകി - നഷ്ടം 23,218.00 രൂപ

വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ 2015 -16 ൽ നടപ്പാക്കിയ വിവിധ കൽവെർട്ട് (കലുങ്ക്) നിർമ്മാണ വേലകളിൽ കൽവെർട്ടുകളുടെ സ്ലാബ് കോൺക്രീറ്റിങ്ങിന് (RCC 1:1.5:3 (using 20mm) CPWD ഇനം 5.3 നെ മോഡിഫൈ ചെയ്ത് 10126.00/m3 നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ 5 നില വരെയുള്ള (up to V floor level) റൂഫ് കോൺക്രീറ്റിങ്ങിനാണ് മേൽപറഞ്ഞ നിരക്ക് നൽകാവുന്നത്. 5 നില വരെ സാധനങ്ങൾ ഉയർത്തി എത്തിക്കുന്നതിന് ആവശ്യമായ കൂലിയും അധിക പണിക്കൂലിയും ഉൾപ്പെടെയാണ് ഈ നിരക്ക്. കൽവർട്ടുകളുടെ ഫൗണ്ടേഷൻ മുതൽ സ്ലാബ് വരെ ഉയരമുള്ള അബട്ട്മെന്റുകൾക്ക് (Abutments) 1.20 മീറ്ററാണ് ഉയരം. തോടുകളുടെ വെള്ളമൊഴുകുന്ന അടിത്തട്ടിൽ നിന്നും ആരംഭിക്കുന്ന അബട്ട്മെന്റുകൾക്ക് 1.20 മീറ്റർ മാത്രമാണ് ഉയരമെന്നിരിക്കെ, റോഡിൽനിന്നും വളരെ കറവ് ഉയരത്തിലാണ് സ്ലാബ് നിർമ്മിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാം. 1.20 മീറ്റർ ഉയരമുള്ള അബട്ട്മെന്റിന്റെ പകുതിഭാഗം ഗ്രൗണ്ട് ലെവലിൽനിന്ന് താഴേക്കാണെന്ന് കണക്കാക്കിയാലും 60 cm ഉയരത്തിൽ മാത്രമേ സ്ലാബ് കോൺക്രീറ്റിങ്ങ് നടത്തേണ്ടിവരുന്നുള്ളൂ. ഇത്തരം കോൺക്രീറ്റിങ്ങിന് CPWD ഇനം 5.1.2 പ്രകാരം പ്ലിന്ത് ലെവൽ കോൺക്രീറ്റിങ്ങിന്റെ (RCC 1:1.5:3 (using 20mm)) നിരക്കായ 8663.00/m3 നിരക്കാണ് അനുവദനീയം. അതായത് 1m3 സ്ലാബ് കോൺക്രീറ്റിങ്ങിന് (10126-8663) 1463.00 രൂപ വീതം അധികം ചെലവായിട്ടുണ്ട്. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 2) മറുപടിയിൽ ഗ്രൗണ്ട് ലെവലിന് മുകളിലായതിനാലാണ് ഈ നിരക്ക് അനുവദിച്ചതെന്നാണ് അസ്സി.എഞ്ചിനീയർ വിശദീകരിച്ചത്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രൗണ്ട് ലെവലിൽ നിന്നും വളരെ കറവ് ഉയരത്തിൽ നിർമ്മിച്ചിരിക്കുന്ന സ്ലാബ് കോൺക്രീറ്റിങ്ങിന് പ്ലിന്ത് ലെവൽ കോൺക്രീറ്റിങ്ങിന്റെ നിരക്ക് അനുവദിക്കുന്നതിനു പകരം 5 നില വരെയുള്ള (up to V floor level) റൂഫ് കോൺക്രീറ്റിങ്ങിന്റെ നിരക്ക് അനുവദിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവിധ വേലകളിൽ സംഭവിച്ചിട്ടുള്ള നഷ്ടത്തിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നമ്പർ/പേര് | കരാറുകാരൻ | അളവ് | അധികം നൽകിയത് | ചെലവ് വിവരം |
|---|---|---|---|---|---|
| 1 | എസ് 0051/16 ശ്രീനാരായണ റോഡിൽ കലുങ്ക് നിർമ്മാണം (2എണ്ണം) | K.R. വിഷ്ണുദാസ് | 3.73m3<br>3.73m3<br>7.46m3 | 7.46x1463 = 10914.00 | 5,19,153.00(ബിൽ നമ്പർ 59/15-16 തീയതി 28.03.16) |
| 2 | എസ് 0052/16 മുത്തപ്പൻ റോഡ് ഫോർമേഷൻ | O.P. ബിജുകുമാർ | 3.13m3 | 3.13x1463 = 4579.00 | 8,02,248.00(ബിൽ നമ്പർ 37/15-16 തീയതി 28.03.16) |
| 3 | എസ് 0041/16 SC കോളനി റോഡ് കലുങ്ക് നിർമ്മാണം | V.V. ഹർഷൻ | 3.36m3 | 3.36x1463 = 4916.00 | 2,19,975.00(ബിൽ നമ്പർ 22/15-16 തീയതി 12.02.16) |
| 4 | എസ് 0050/16 പുത്തൻപറമ്പ് റോഡ് കലുങ്ക് നിർമ്മാണം | K.R. രാജേഷ് | 1.92m3 | 1.92x1463 = 2809.00 | 4,33,423.00(ബിൽ നമ്പർ 48/15-16 തീയതി 28.03.16) |
| | ആകെ നഷ്ടം | | | 23,218.00 | |

അധികം നൽകിയ 23,218.00 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ട താണ്.

## 3-3 MS grill സ്ഥാപിക്കുന്നതിന് അധിക നിരക്ക് നൽകി - നഷ്ടം 14,322/-

വടക്കേക്കര ഗ്രാമ പഞ്ചായത്തിൽ 2015-16 ൽ നടപ്പാക്കിയ വിവിധ വേലകളിൽ MS grill സ്ഥാപിക്കുന്നതിന് DAR 9.48.2 (116.90x1.3905) പ്രകാരം 162.55/kg നിരക്കാണ് നൽകിയിട്ടുള്ളത്.

റൗൾ പ്ലഗ്സ്, സ്ക്രൂസ് എന്നിവ ഉപയോഗിച്ച് ഗ്രില്ലുകൾ ഫ്രെയിമിൽ സ്ഥാപിക്കുന്നതിനുള്ളതാണ് മേല്പറഞ്ഞ നിരക്ക്. ഗ്രില്ലുകൾ വെൽഡ് ചെയ്ത് സ്ഥാപിക്കുന്നതിന് DAR 9.48.1 (109.00x1.3905) പ്രകാരം 151.56/kg രൂപയാണ് അനുവദനീയം. താഴെ പറയുന്ന വേലകളിൽ ഗ്രില്ലുകൾ വെൽഡ് ചെയ്ത് സ്ഥാപിച്ചിരിക്കുന്നതിനാൽ DAR 9.48.1 പ്രകാരം 151.56/kg രൂപയാണ് നൽകാവുന്നത്.എന്നാൽ 162.55/kg നിരക്ക് നൽകിയതമൂലം 1kg ന് 10.99 രൂപ വീതം അധികം നൽകിയിട്ടുണ്ട്. തുക അധികം നൽകിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ 1) മറുപടിയിൽ ചില പ്രവൃത്തികളിൽ MS ഗ്രിൽ വെൽഡ് ചെയ്ത് ബോൾട്ട് ചെയ്ത് സ്ഥാപിച്ചിട്ടുണ്ടെന്നാണ് അറയിച്ചത്.എന്നാൽ താഴെ പറയുന്ന വേലകളിൽ, ക്രമ നമ്പർ 1 പ്രവൃത്തിയിൽ നിലവിലുള്ള ജനലിൽ കൂടുതൽ അഴികൾ വെൽഡ് ചെയ്ത് സ്ഥാപിച്ചതായാണ് എസ്റ്റിമേറ്റിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ക്രമ നമ്പർ 2 പ്രവൃത്തിയായ പഞ്ചായത്ത് കോമ്പൗണ്ടിലെ ഹെൽപ്പ് ഡസ്ക് കൗണ്ടർ വെൽഡ് ചെയ്ത് നിർമ്മിച്ചതാണെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യമായി. ഇരു പ്രവൃത്തികളിലുമായി പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം താഴെ ചേർക്കുന്നു.

| ഐറ്റം നമ്പർ | പ്രോജക്റ്റ് നമ്പർ/ പേര് | അളവ് | നൽകിയത് | നൽകാവുന്നത് | അധികം | ചെലവ് വിവരം |
|---|---|---|---|---|---|---|
| 4 | എസ് 0082/16 SNMGLPS കോട്ടുവള്ളിക്കാട് മെയിന്റനൻസ് | 880.59 kg | @162.55/kg = 143139.90 | @151.56/kg =133462.22 | 9678.00 | 347739.00 ബിൽ നം. 36/15-16 തീയതി 28.03.2016 |
| 1 | എസ് 0079/16 ഹെൽപ്പ് ഡസ്ക് | 422.61 kg | @162.55/kg = 68695.25 | @151.56/kg = 64050.77 | 4644.00 | 99977.00 ബിൽ നം. |

| | | | | | | |
|---|---|---|---|---|---|---|
| | കൗണ്ടർ | | | | | 25/15-16 തീയതി 14.01.2016 |
| | അധികം നൽകിയത് | | | | 14322.00 | |

അധികം നൽകിയ 14322 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-4 സി.എച്ച്.സി.-യിലേക്ക് വാങ്ങിയ മരുന്നുകൾ പൂർണ്ണമായി ലഭിച്ചിട്ടില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി.നടപ്പാക്കിയപെയിൻ ആന്റ് പാലിയേറ്റീവ് കെയർ എന്ന പ്രോജക്ടിന് കീഴിൽ മരുന്ന വാങ്ങുന്നതിനായി രണ്ടു ഘട്ടങ്ങളിലായി താഴെ ചേർക്കും പ്രകാരം ആകെ 278365/- രൂപ കെ.എം.എസ്.സി.എൽ. ന് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല.

| ബിൽ നം | തുക | ഡിഡി നം /തീയതി |
|---|---|---|
| 07/15-16 | 115042.00 | 887926/ 30.12.15 |
| 8/15-16 | 53323.00 | 887934 / 30.12.15 |
| 11/15-16 | 71279.00 | 859807/ 31.03.16 |
| | 38721.00 (Block share) | 859808/31.03.16 |
| ആകെ | 278365.00 | |

താഴെ വിവരിക്കും പ്രകാരം വിവിധ ഇൻവോയ്സുകളിലായി 183958/- രൂപയുടെ മരുന്നുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ഓഡിറ്റ് തീയതിയിൽ 94407/- രൂപ കെ.എം.എസ്.സി.എൽ. - ന്റെ പക്കൽ അവശേഷിക്കുന്നുണ്ട്.മരുന്നുകൾ യഥാസമയം ലഭ്യമാക്കാത്തതിനാൽ 94407/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 4110/ 03.02.2016 | 32813/- |
| 4443/ 17.02.2016 | 3189/- |
| 4806/ 02.03.2016 | 22686/- |
| 1150/ 30.05.2016 | 24719/- |
| 3715/ 13.10.2016 | 55794/- |
| 1155/ 30.05.2016 | 1877/- |
| 4803/ 22.11.16 | 42880/- |
| ആകെ ലഭിച്ച മരുന്നിന്റെ മൂല്യം | 183958/- |

## 3-5 സ്രോതസ്സിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.

ഇൻകം ടാക്സ് ആക്ട് സെക്ഷൻ 194(c) അനുസരിച്ച് ഒരു സാമ്പത്തികവർഷം കരാർ ചെയ്ത വ്യക്തിയുടെ 75000/- രൂപയിൽ അധികം വരുന്ന ബില്ലുകൾക്ക് 1% ടാക്സ് ഇൻകം ടാക്സ് വകുപ്പിൽ അടവാക്കേണ്ടതാണ്. 2015-16-ൽ യഥാവിധി ഇൻകം ടാക്സ് ഈടാക്കി ഒടുക്കാത്തതിന്റെ വിശദാംശങ്ങൾ താഴെ നൽകുന്നു.

(1) ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ സ്പെഷ്യൽ സ്കൂൾ പ്രവർത്തനം മെച്ചപ്പെടുത്തൽ (S074/16) എന്ന പ്രോജക്ടിൽ ചെട്ടിക്കാട് മത്സ്യഭവനിൽ പ്രവർത്തിക്കുന്ന സ്കൂളിലേയ്ക്ക് കുട്ടികളെ കൊണ്ടു വരികയും തിരിച്ച് കൊണ്ടു പോകുകയും ചെയ്യുന്നതിന് കരാർ

നൽകിയിരിക്കുന്നത് രാജേഷ് എം ആർ
മൂത്താണ്ടശ്ശേരിയിൽ ഹൗസ്, മാല്യങ്കര എന്നയാൾക്കാണ്.എന്നാൽ മേൽപ്പറഞ്ഞ ആളിൽ നിന്ന് ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല.

| ക്രമ നം | ബിൽ നം | നൽകിയ തുക | ഡിഡി നം തീയതി |
|---|---|---|---|
| 1 | 05/15-16,16.01.16 | 59500 | 853308/21.01.16 |
| 2 | 11/15-16,31.03.16 | 35700 | 859894/31.03.16 |
| | ആകെ | 95200 | |

2015-16 സാമ്പത്തിക വർഷം രാജേഷ് എം ആർ എന്നയാൾക്ക് വാഹന വാടകയിനത്തിൽ നൽകിയ 95200/- രൂപയുടെ ഒരുശതമാനം 952/- രൂപ ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്

(2)മെഡിക്കൽ ഓഫീസർ CHC നിർവ്വഹിച്ച പാലിയേറ്റീവ് കെയർ പ്രോജക്ടിൽ വാഹന വാടക ഇനത്തിൽ (വാഹനം. KL-42-F-6802) സനീഷ് കെ എസ് കാട്ടിപ്പറമ്പിൽ വീട് കൊട്ടുവള്ളിക്കാട് എന്ന വ്യക്തിയ്ക്ക് താഴെപ്പറയുന്ന രീതിയിൽ പണം നൽകിയിട്ടുണ്ടെങ്കിലും ബില്ലിൽ നിന്നും ആദായ നികുതി പിടിച്ചിട്ടില്ല.

| പണം നൽകിയത്(മാസം) | തുക |
|---|---|
| ബിൽ നം 1/15-16 തീ.23.07.15 | 24000 |
| ബിൽ നം 2/15-16 തീ.18.09.15 | 8000 |
| ബിൽ നം 3/15-16 തീ.14.10.15 | 7000 |
| ബിൽ നം 6/15-16 തീ. 21.12.15 | 16000 |
| ബിൽ നം 9/15-16 തീ.26.02.16 | 25000 |
| ബിൽ നം 10/15-16 തീ.21.03.16 | 7200 |
| ബിൽ നം 12/15-16 | 8100 |
| ആകെ | 95300 |

ഇപ്രകാരം 95300/-രൂപ വാഹന വാടക ഇനത്തിൽ നൽകിയിട്ടുണ്ട്. ഡ്രൈവറിൽ നിന്നും 1% ആദായ നികുതിയായ 953/-രൂപ (95300x1%) ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

താഴെപ്പറയുന്ന പ്രോജക്ടുകൾക്ക് ചെലവഴിച്ച തുകകൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു.

| ക്രമ നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഡി ഡി നം | തുക | തുക കൈപ്പറ്റിയ ആൾ |
|---|---|---|---|---|---|---|
| 1 | അസി. സെക്രട്ടറി | 55/16 | കനോപ്പിയിൽ ഐസ്ക്രീം | 855710/18.02.16 | 560000/- | ജില്ലാ പഞ്ചായത്ത് |

| | | | | | | |
|---|---|---|---|---|---|---|
| | | | വിപണനം ചെയ്യുന്നതിന് വാഹനം വാങ്ങൽ ജില്ലാ പഞ്ചായത്തിന് പഞ്ചായത്ത് വിഹിതംനൽകൽ | | | സെക്രട്ടറി |
| 3 | സെക്രട്ടറി | 121/16 | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 13/15-16 /31.12.15 | 110000/- | ഇലക്ട്രിക്കൽ സബ്ഡിവിഷൻ ചേന്ദമംഗലം വടക്കുംപുറം |
| ആകെ | | | | | 670000/ | |

## 3-7 ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ - അപാകത

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ICDS സൂപ്പർവൈസർ |
| പ്രോജക്ട് നം | S067/16 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ |
| അടങ്കൽ | 334280 |
| ചെലവ് വിവർരം | ബിൽ നം.7/15-16 dt.15.2.16രൂ.334280 |

പ്രോജക്ട് പ്രകാരം ഭിന്നശേഷിയുള്ളവർക്ക് കേരള സ്റ്റേറ്റ് വികലാംഗക്ഷേമ കോർപ്പറേഷനിൽ നിന്ന് 14 ഉപകരണങ്ങൾ 334280/- രൂപയ്ക്ക് വാങ്ങി നൽകിയിരുന്നു. പ്രൊഫൗണ്ട് ഹിയറിങ് എയിഡ് വാങ്ങി നൽകിയ അനിറ്റ, ഗോഗുൽ കൃഷ്ണ, സജിത്ത്, സനു. കെ. എസ് എന്നിവർ 2013- 14സാമ്പത്തിക വർഷത്തിലും ഇതേ ആനുകൂല്യം കൈപ്പറ്റിയവരാണ്. അപേക്ഷയിൽ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഉപകരണങ്ങൾ ലഭിച്ചിട്ടുള്ളവർക്ക് അതേ ഉപകരണം വീണ്ടും നൽകുന്നതല്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. സബ്സിഡിമാർഗ രേഖ ഖണ്ഡിക 5.6 പ്രകാരം ഉപകരണം ഉള്ളവർക്ക് തന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ കർശന മുൻകരുതലുകൽ സ്വീകരിക്കേണ്ടതാണ് എന്നു വ്യക്തമാക്കിയിട്ടുണ്ട്. വാങ്ങി നൽകുന്ന ഉപകരണങ്ങളുടെ കാര്യക്ഷമതയും അത് അർഹതപ്പെട്ടവർക്കാണോ നൽകുന്നത് എന്നതും ഉറപ്പുവരുത്തേണ്ടത് നിർവ്വഹണോദ്യോഗസ്ഥയുടെ കടമയാണ്. മേൽ പറഞ്ഞ ഗുണഭോക്താക്കൾക്ക് ആവർത്തിച്ച് ഉപകരണങ്ങൾ വാങ്ങി നൽകിയതിന് ചെലവഴിച്ച 14000x4=56000രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

## 3-8 ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

വി ഇ ഓ നിർവഹണം നടത്തിയ 2014-15 ലെ 61/15 എന്ന ഭവന നിർമാണ പ്രോജക്ട് പ്രകാരം 16 പേർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും 13 പേർ പണിപൂർത്തിയാക്കുകയും ചെയ്തു. എന്നാൽ ചുവടെ ചേർത്ത മൂന്ന് ഗുണഭോക്താക്കൾ 2014-15 ൽ രണ്ടു ഗഡുക്കൾ വാങ്ങി രണ്ട് ഘട്ടം മാത്രം പൂർത്തിയാക്കിയെങ്കിലും നാളിതുവരെയും ഭവന നിർമാണം പൂർത്തികരിച്ചിട്ടില്ല. ഈ മൂന്ന് ഗുണഭോക്താക്കളും ഭവന നിർമാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പണിപൂർത്തിയാകാത്ത ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് /വിലാസം | കരാർ വെച്ച തീയതി | നൽകിയ തുക | ഡി ഡി നം/ തീയതി |
|---|---|---|---|---|
| 1 | സോബിക D/oനീലാംബരൻ തൊഴുത്തിപറമ്പിൽ മടപ്ലാതുരുത്ത് | 26/03/14 | ഒന്നാം ഘട്ടം- 20000/- രണ്ടാം ഘട്ടം- 60000/- | 661702/25.03.14 650405/18.07.14 |
| 2 | രാജീവ് s/oകൃഷ്ണൻ നാലുകണ്ടത്തിൽ ചെട്ടിക്കാട് | 26/03/14 | ഒന്നാം ഘട്ടം- 20000/- രണ്ടാം ഘട്ടം- 60000/- | 661699/25.03.14 650406/18.07.14 |
| 3 | ശ്രീജിത്ത് എൻ വി s/oബാബു നികത്തിൽ തുരുത്തിപ്പുറം മൂത്തകുന്നം | 26/03/14 | ഒന്നാം ഘട്ടം- 20000/- രണ്ടാം ഘട്ടം- 60000/- | 661629/25.03.14 650407/18.07.14 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 100000 | സാന്ത്വനം പാലിയേറ്റീവ് കെയർ | 58941 | 41059 |
| | | 175000 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠനസഹായം | 175000 | 0 |
| ജില്ലാ പഞ്ചായത്ത് | | 145407 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പഠനസഹായം | 145407 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ

ഓഡിറ്റ് വർഷം വായ്പ തിരിച്ചടവിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS -ഭവനം | GO(MS)530/10/ LSGD 18/02/10 | 1,44,37500 | 7218750 | 1443750 | NIL | 5775000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2013-14 | 3-2 | 17119 | രാജീവ്.എം.ജി | 11517103179/ 23.03.2016 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41089991 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 49856780 |
| വരവിനങ്ങളിലുള്ള നഷ്ടം | 11900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 308979 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 764407 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 11900 | | ഡി.സഞ്ജയ് പ്രഭു, സെക്രട്ടറി |
| 3-1 | | 213534 | എസ്.സിന്ധു, അസി.എഞ്ചിനീയർ |
| 3-2 | | 23218 | |
| 3-3 | | 14322 | |

| | | | |
|---|---|---|---|
| 3-7 | | 56000 | ജാൻസി,ICDS സൂപ്പർവൈസർ |
| ഓഡിറ്റിൽ തടസ്സപ്പെട്ടുത്തിയ തുക. | | | |
| 3-4 | 94407 | | ഡോ.സൈന മേരി,MO,PHC |
| 3-6 | 670000 | | ചിന്നമ്മ പി.വി,അസി സെക്രട്ടറി |
| | 110000 | | ഡി.സഞ്ജയ് പ്രഭു, സെക്രട്ടറി |
| ആകെ | 764407 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5(1) | 952 | ജാൻസി, ICDS സൂപ്പർവൈസർ |
| 3-5(2) | 953 | ഡോ.സൈന മേരി, MO,PHC |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡി.സഞ്ജയ് പ്രഭു, സെക്രട്ടറി | സെക്രട്ടറി, വടക്കേക്കര ഗ്രാമപഞ്ചായത്ത് | കണ്ണം പറമ്പിൽ, വടക്കൻ പറവൂർ |
| ചിന്നമ്മ പി.വി,അസി സെക്രട്ടറി | അസി.സെക്രട്ടറി, വടക്കേക്കര ഗ്രാമപഞ്ചായത്ത് | തെക്കിനേടത്ത് ഹൗസ്,അരങ്കാവ് റോഡ്, മനക്കോടം,ചേന്ദമംഗലം. |
| എസ്.സിന്ധു, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, വടക്കേക്കര ഗ്രാമപഞ്ചായത്ത് | ശാന്താ ഭവൻ, പെരുമ്പടന്ന, വടക്കൻ പറവൂർ. |
| ജാൻസി,ICDS സൂപ്പർവൈസർ | ICDS സൂപ്പർവൈസർ,ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് | ജാൻസി.MA ചെമ്മായത്ത് (H) കണ്ടകർണ്ണൻവെളി വടക്കൻ പറവൂർ-683513 |
| ഡോ.സൈന മേരി,MO,CHC | MO,CHC,മൂത്തകുന്നം | ഡോ.സൈന മേരി, പടമാട്ടുമ്മൽ,തിരുവഞ്ചിക്കുളം, |

| | | |
|---|---|---|
| | | കൊടുങ്ങല്ലൂർ-PO-680666 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി2)102/98/9.8.98 |
| 1997-98 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1998-99 | എൽ.എഫ്.ഇ(പി2)895/2000/25.9.00 |
| 1999-2000 | എൽ.എഫ്.ഇ(പി2)1103/01/12.7.2002 |
| 2000-01 | എൽ.എഫ്.ഇ(പി2)1080/02/4.3.2003. |
| 2001-02 | എൽ.എഫ്.ഇ(പി2)22/04/29.3.2004 |
| 2002-03 | എൽ.എഫ്.ഇ(പി2)102/05/19.11.2005. |
| 2003-04 | എൽ.എഫ്.ഇ(പി2)98/07 |
| 2004-05 | എൽ.എഫ്.ഇ(പി2)1855/08/21.2.09/10.6.09. |
| 2005-06 | എൽ.എഫ്.ഇ(പി2)1856/08/21.2.09/10.6.09. |
| 2006-07 | എൽ.എഫ്.ഇ(പി2)1456/11/12.04.12/09.07.12. |
| 2007-08 | എൽ.എഫ്.ഇ(പി2)1455/11/12.04.12/09.07.12 |
| 2008-09 | എൽ.എഫ്.ഇ(പി2)246/11/20.8.11 |
| 2009-10 | എൽ.എഫ്.ഇ(പി2)247/11/20.8.11 |
| 2010-11 | എൽ.എഫ്.ഇ(പി2)22/12/9.2.12/16.3.12. |
| 2011-12 &2012-13 | എൽ.എഫ്.ഇ(പി2)2019/13/23.11.13/16.12.13. |
| 2013-14 | എൽ.എഫ്.ഇ(പി10)1554/2015/9.9.15 |
| 2014-15 | കെ എസ് എ -ഇകെ എം(പി4)1175/2016 /23.07.16 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ഇ.കെ.എം(പി12)2199/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 28.12.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടക്കേക്കര ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

# APPENDIX – I

## AUDIT CERTIFICATE – 2014-15

No.KSA-EKM(P12)2199/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date :28.12.2016

Certified that I have audited the Annual Financial Statement of Vadakkekara Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vadakkekara Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G)